കേരള സർക്കാർ

നം:57906/ഡി.ബി2/10/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്.
തിരുവനന്തപുരം,തീയതി: 11/11/2010

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – മുനിസിപ്പാലിറ്റികളിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള അധികാര പരിധി ഏകീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന:- 1. സ.ഉ.(എം.എസ്)നം.254/97/തസ്വഭവ:തീയതി, 12/11/1997
2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11/8/10-ലെ ഡിബി-1/സിഇ /പി.എഫ്/തസ്വഭവ/10 നമ്പർ കത്ത്.

1/1/2008-മുതൽ കേരളത്തിലെ നഗരസഭകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ തദ്ദേശസ്വയംഭരണ വകുപ്പിൽ പുതിയതായി രൂപീകരിക്കപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതലയിലാണ് നടപ്പാക്കി വരുന്നത് . നഗരസഭകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ സൂചന ഒന്നിലെ ഉത്തരവിൻ പ്രകാരം നിലവിൽ വന്ന കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ചട്ടങ്ങളിൽ, പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തുക, ചെക്ക് മെഷർ ചെയ്യുക എന്നീ കാര്യങ്ങൾ ചട്ടം 15-ൽ പ്രതിപാദിച്ചിരിക്കുന്നു. ചട്ടം 15(2) അനുസരിച്ച് 50,000 രൂപ വരെ മതിപ്പ് ചെലവ് കണക്കാക്കുന്ന പ്രവൃത്തികളുടെ അളവുകൾ ഓവർസിയറും 50,000 രൂപയിൽ അധികം മതിപ്പ് ചെലവുള്ള പണികളുടെ അളവുകൾ അസിസ്റ്റന്റ് എഞ്ചിനീയറുമാണ് രേഖപ്പെടുത്തേണ്ടത്. ചട്ടം 15 (3) പ്രകാരം ഓവർസിയർ രേഖപ്പെടുത്തുന്ന അളവുകൾ അസിസ്റ്റന്റ് എഞ്ചിനീയറും, അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയറും ചെക്ക് മെഷർമെന്റ് നടത്തേണ്ടതാണ്. എന്നാൽ ഏതാനും മുനിസിപ്പാലിറ്റികളിൽ 5 ലക്ഷം രൂപ വരെ മതിപ്പ് ചെലവ് വരുന്ന പണികളുടെ അളവുകൾ ഓവർസിയർ രേഖപ്പെടുത്തി വരുന്നതായും ഇത് പൊതുമരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥൾക്ക് വിരുദ്ധമാണെന്നും, ആയതിനാൽ അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള അധികാര പരിധിയുടെ കാര്യത്തിൽ ഏകീകരണം വരുത്തണമെന്നും തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ സൂചന രണ്ടിലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ 1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ 15-ാം ചട്ടപ്രകാരം അളവുകൾ രേഖപ്പെടുത്തുന്നതിന് ഓവർസിയർക്ക് നൽകിയിരിക്കുന്ന അധികാര പരിധി (50,000 രൂപ) ലംഘിച്ച് ഓവർസിയർ അളവ് രേഖപ്പെടുത്തി വരുന്ന രീതി ഏതെങ്കിലും നഗരസഭയിൽ നിലവിലുണ്ടെങ്കിൽ ആയത് അടിയന്തിരമായി നിർത്തലാക്കേണ്ടതാണ്. ഏതെങ്കിലും നഗരസഭയിൽ 50,000 രൂപയിൽ കൂടുതൽ അടങ്കലുള്ള പ്രവൃത്തികളുടെ അളവെടുക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയർ ഇല്ലെങ്കിൽ തൊട്ടടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ അത്തരം പ്രവൃത്തികളുടെ അളവെടുക്കേണ്ടതും, ഒരു അസിസ്റ്റന്റ് എഞ്ചിനീയർ എടുത്ത അളവുകൾ നഗരസഭയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അഥവാ തൊട്ടടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്യേണ്ടതുമാണ്.

രാജേഷ്കുമാർ സിംഗ്
സെക്രട്ടറി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും (ചീഫ് എഞ്ചിനീയർ മുഖാന്തിരം)
എല്ലാ തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും (ചീഫ് എഞ്ചിനീയർ മുഖാന്തിരം)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.